# സമഗ്ര ഗുണമേന്മ

# വിദ്യാലയ വികസന രേഖ

# MASTER PLAN 2025-2026

**(B.M.P.V. Kanjirakode)**

# ഉള്ളടക്കം


I. ആമുഖം

II. ലക്ഷ്യങ്ങൾ

III. വിദ്യാലയത്തിന്റെ ലഘു ചരിത്രം

IV. വിദ്യാലയം മികവിന്റെ കേന്ദ്രം

V. പ്രാഥമിക വിവരങ്ങൾ

VI. പദ്ധതി രൂപീകരണപ്രക്രിയ

VII. നിലവിലെ അവസ്ഥാ വിശകലനം
(ഭൗതികം അക്കാദമികം, പരിമിതികൾ)

VIII. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

IX. പദ്ധതി വിശദാംശങ്ങൾ

X. അക്കാദമിക നേട്ടങ്ങൾ

XI. പ്രതീക്ഷിത നേട്ടങ്ങൾ

XII. മോണിട്ടറിങ് രീതി

XII!. ഉപസംഹാര ,.

# ആമുഖം

നവ-കേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന സമിതി പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാ-യിരിക്കണം വികസന പദ്ധതിക്ക് രൂപം നൽകേണ്ടത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതീകവും അക്കാദമികവുമായി സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാകുന്നതിനു സഹായകമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്ന-തായിരിക്കണം വിദ്യാലയ വികസന പദ്ധതി.

കുട്ടികൾക്ക് സ്വതന്ത്രമായും ശിശു സൗഹൃദമായും പഠനം നടക്കുന്നതിനുള്ള ആസൂത്രണം നടത്തുന്നതിനു വേണ്ടി ക്ലാസ്സ് മുറികൾ സജ്ജമാക്കേണ്ടതുണ്ട്. വ്യക്തമായ മുന്നൊരുക്കങ്ങളിലൂടേ സമയബന്ധിതമായി സമഗ്രവിദ്യാലയ വികസന പദ്ധതിക്കു എങ്ങനെ രൂപം നൽകാൻ കഴിയുമെന്ന് മാസ്റ്റർ പ്ലാനിലൂടെ കണ്ടെത്തിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. നാലാം ക്ലാസ്സ് കഴിഞ്ഞ് വിടുതൽ നൽകുന്ന കുട്ടികൾ മലയാള ഭാഷയിൽ ഭാഷാപരമായ നിലവാരം ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നു.
2. അടിസ്ഥാന ഗണിതത്തിൽ ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടീട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നു.
3. നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു കഴിവ് നേടുന്നു.
4. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനു അവസരം ഒരുക്കി-കൊടുത്തുകൊണ്ട് വ്യക്തിത്വ വികസനം നേടുന്നുവെന്ന് ഉറപ്പ് വരുത്തുന്നു.
5. പോഷകാഹാരക്കുറവ് നികത്തുന്നു.
6. സുരക്ഷിതമായ പഠനസൗകര്യം ഉറപ്പ് വരുത്തുന്നു.
7. IT സാധ്യതകളിലൂടെ കുട്ടികളുടെ പഠനം ഉറപ്പ് വരുത്തുന്നു.
8. കലാ-കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നു.

## വിദ്യാലയ ചരിത്രം

തലപ്പിള്ളി താലൂക്കിലെ എരുമപ്പെട്ടി പഞ്ചായത്തിൽ പതിമൂന്നാം വാർഡിൽ, കാഞ്ഞിരക്കോട് വില്ലേജിൽ, വടക്കാഞ്ചേരി - കുന്ദംകുളം മെയിൻ റോഡിൽ നിന്ന് 20 മീറ്റർ ഉള്ളിലോട്ട് നീങ്ങിയാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്കൂൾ സ്ഥാപിതമായത് 1926ലാണ്.

ജാതി വ്യവസ്ഥ നില നിന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അന്ന്. ഉന്നത ജാതിയിൽപെട്ടവർക്ക് മാത്രമേ അന്ന് വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. വിദ്യാലയപരിസരത്തെ ജനങ്ങൾ പൊതുവേ ഇടത്തരത്തിൽ-പെട്ട കർഷകതൊഴിലാളികളുമാണ്. ഓരോ വിഭാഗത്തിന്റേയും സംസ്കാരവും, ആരാധന ആചാരങ്ങളും പരസ്പരം ആദരിക്കുകയും, അംഗീകരിക്കുകയും ചെയ്തിരുന്നു.

സമൂഹത്തിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നവരാണ് വിദ്യാലയത്തിന് തുടക്കമിട്ടത്. അന്നത്തെ മാനേജർ കടവല്ലൂർ കുട്ടികൃഷ്ണൻ നമ്പീശനും, ഹെഡ് മാസ്റ്റർ കടുപ്പശ്ശേരി രാമൻ നമ്പീശനായിരുന്നു. വാടക കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. 1930-ൽ മാനേജ്മെന്റ് ആലത്തൂര് പരമേശ്വരൻ നമ്പൂതിരിപ്പാടിന് കൈമാറി.

1947-48 വർഷത്തിൽ കിഴുശ്ശേരി ഗോപാലകൃഷണൻ ഹെഡ്മാസ്റ്ററും മാനേജറും ആയി. 1971-ൽ മാനേജ്മെന്റിന്റെ മുഴുവൻ അധികാരങ്ങളും അദ്ദേഹത്തിന്റെ മകൻ ശ്രീ. രഘുനാഥിനു കൈമാറി.

വ്യക്തികളുടെ നേതൃത്വത്തിലാണ് വിദ്യാലയം ഉടലെടുത്തത്. സമൂഹത്തിലെ ജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും, സമൂഹത്തിനു നന്മകൾ ചെയ്ത് നന്നാക്കാനുമുള്ള ഉദ്ദേശത്തോടെയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളാണ് ഇപ്പോഴുള്ളത് 2014-15 അധ്യയന വർഷം മുതൽ നഴ്സറി ആരംഭിച്ചിട്ടുണ്ട് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ പൂർവ്വവിദ്യാർഥികൾ ഉന്നത സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സ്കൂളിനു ഫണ്ട് ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനും വേണ്ടി പൂർവ്വ വിദ്യാർത്ഥികളുടെ യോഗം വിളിച്ച് വേണ്ട സഹകരണം ഉറപ്പുവരുത്തുവാനും സ്കൂളിലെ **PTA, MPTA, SSG** എന്നീ സംഘങ്ങളുടെ ആത്മാർത്ഥമായ സേവനം ഈ വിദ്യാലയത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

## വിദ്യാലയം:- മികവിന്റെ കേന്ദ്രം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാവുകയും അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികളെയെല്ലാം അവിടെയെത്തിക്കേണ്ടതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഇതു സാധിക്കണമെങ്കിൽ വിദ്യാലയം ഭൗതീകമായും അക്കാദമികപരമായും ഉന്നതിയിൽ എത്തേണ്ടതുണ്ട്. ഇതിനായി വിദ്യാലയവുമായി നേരിട്ട് ബന്ധപ്പെട്ടവരേയും ഈ ക്യാമ്പയിനിൽ ഭാഗമാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി നിലവിലുള്ള PTA, SMC, MPTA തുടങ്ങിയ സമിതികൾക്ക് നിർണ്ണായക പങ്ക് ഉണ്ട് ഇവരെ കൂടാതെ വായനശാല ക്ലബ്ബുകൾ, ജനപ്രതിനിധികൾ വ്യക്തികൾ എന്നിവരെ കൂടിചേർത്തിണക്കി ഈ യജ്ഞം സാക്ഷാത്കരിക്കാനാണ് ഞങ്ങൾ ഉദ്യമിക്കുന്നത്.

## പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ കോഡ് | : | 3207101501 |
| സ്കൂളിന്റെ പേര് | : | ബി. എം.പി.വി. വിദ്യാലയം, കാഞ്ഞിരക്കോട് |
| പഞ്ചായത്ത് | : | എരുമപ്പെട്ടി |
| സി.ആർ.സി | : | ജി. എൽ.പി. എസ് എരുമപ്പെട്ടി |
| ബി.ആർ.സി | : | വടക്കാഞ്ചേരി |
| ബ്ലോക്ക് | : | വടക്കാഞ്ചേരി |
| വിദ്യാഭ്യാസ ഉപജില | : | വടക്കാഞ്ചേരി |
| ജില്ല | : | ചാവക്കാട് |
| താലൂക്ക് | : | തലപ്പിള്ളി |
| അസംബ്ലിയുടെ പേര് | : | കുന്ദംകുളം |
| പാർലിമെന്റ് | : | ആലത്തൂര് |
| ജില്ല | : | തൃശൂർ |

**പ്രധാനഅധ്യാപികയുടെ പേരും, ഫോൺ നമ്പറും:**

**നിമ്മി മേനോൻ കെ. (Mob:9447669514)**

# വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള നിലവിലുള്ള അവസ്ഥ

## A)ഭൗതീകം

ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. മാനേജ്മെന്റിന്റെ സഹായവും അർപ്പണബോധവും കൊണ്ട് സ്കൂളിന്റെ ഭൗതീക അന്തരീക്ഷം 2024-ൽ മെച്ചപ്പെടുത്തി. LKG-UKG ക്ലാസുകൾക്കായി പുതിയ കെട്ടിടം നിർമ്മിച്ചു. സ്കൂളിനു ചുറ്റുമതിൽ കെട്ടി സംരക്ഷണം ഉറപ്പാക്കി. സർക്കാരിന്റെ സഹായത്തോടെ പുതിയ അടുക്കള നിർമ്മിച്ചു LPG ഉപയോഗിച്ച് ഭക്ഷണം ഒരുക്കാൻ സാധിക്കുന്നു ആധുനിക വിദ്യഭ്യാസ പഠനരീതിയിൽ മീഡിയക്കുള്ള പങ്ക് നിസ്സാരമല്ല കേരള വിദ്യാഭ്യാസ വകുപ്പും BSNL ഉം ഒത്തുചേർന്ന് നടപ്പിലാക്കിയ ഐ.ടി പഠനസംവിധാനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നു. WIFI യോട് കൂടി broadband സംവിധാനം നിലവിൽ വന്നു. അതുമൂലം സ്കൂളിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപപ്പെടുത്താൻ കഴിഞ്ഞു.

## B)അക്കാദമികം

അക്കാദമികതല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും തീരുമാനിക്കുന്നതും SRG യിലാണ്.

1)സമഗ്ര ഗുണമേന്മ വിദ്യാലയ വികസന രേഖ
**ACADEMIC MASTER PLAN 2024-2025**

2)പദ്ധതി രൂപീകരണ പ്രക്രിയ    നിർവഹണകാലം: ജൂൺ- മാർച്ച്

| | | |
|---|---|---|
| Std-1) | സചിത്ര നോട്ട് ബുക്ക് | ” |
| | സംയുക്ത ഡയറി | ” |
| | പാട്ടരങ്ങ് | ” |
| Std-2) | സചിത്ര നോട്ട് ബുക്ക് | ” |
| | സംയുക്ത ഡയറി | ” |
| | സാങ്കൽപിക ഡയറി | ” |
| | പാട്ടരങ്ങ് | ” |
| | റീഡേർസ് തീയറ്റർ | ” |

Std-3, Std-4

*കാവ്യാവിഷ്കരണം, കാവ്യോത്സവം

*റീഡേർസ് തീയറ്റർ

*ഉൾച്ചേർക്കൽ വിദ്യാഭ്യാസം

*ഭിന്ന ശേഷി കുട്ടികൾക്ക്

*പ്രത്യേക പരിഗണന

*ക്ലബുകളുടെ പ്രവർത്തനം

*ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ഒരുക്കൽ

*പ്രക്രിയാധിഷ്ഠിത ക്ലാസുകൾ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| മുന്നൊരുക്കം | സ്കൂൾ തലത്തിൽ തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് കുട്ടികളുടെ നിലവാരം കണ്ടെത്തൽ | ജൂൺ ആദ്യത്തെ ആഴ്ച്ച | ക്ലാസ് ടീച്ചർ |
| ടെസ്റ്റ് നടത്തി വിശകലനം | എസ് ആർ ജി ചർച്ച | ജൂൺ രണ്ടാമത്തെ ആഴ്ച്ച എസ് ആർ ജി | എസ് ആർ ജി |
| തുടർ പ്രവർത്തനത്തിന്റെ ആസൂത്രണം | കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി അതനുസരിച്ച് പഠനപ്രവർത്തനം തയ്യാറാക്കൽ സചിത്ര പുസ്തകം കുട്ടികളുടെ ആശയത്തിൽ നിന്ന് ഉചിതമായ വാചകത്തിലേക്ക് എത്തിക്കുന്നതിന് സഹായിക്കും. | അധ്യയന വർഷം | ക്ലാസ് ടീച്ചർ എസ് ആർ ജി |
| പഠനോപകരണം പോർട്ട് ഫോളിയോ | വിലയിരുത്തൽ | മാസാവസാനം | ക്ലാസ് ടീച്ചർ എസ് ആർ ജി |
| കനികാധിഷ്ഠിത രീതി കല നിർമ്മാണം കഥ | | | |

2024-2025 അധ്യയന വർഷത്തിൽ എല്ലാ വെള്ളിയാഴ്ച്ചയും 1.30 ന് എസ് ആർ ജി ഒത്തുചേരുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഒരു അധ്യാപികയെ തെരഞ്ഞെടുത്തിട്ടുണ്ട് സ്കൂൾ പ്രതിനിധിയായി ഒരു കുട്ടിയെ തെരഞ്ഞെടുത്തും വായനോത്സവം രചനോത്സവം ഡയറിയെഴുത്ത് (സമ്യുക്ത ഡയറി) എന്നിവ മെച്ചപെടുത്തുന്നതിന് എല്ലാ ആഴ്ച്ചയും കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ കൊടുത്ത് കുറിപ്പെഴുതാൻ ആവശ്യപ്പെടാറുണ്ട്.

എല്ലാ വെള്ളിയാഴ്ച്ചയും 1.30 നു എസ്.ർ.ജി. ഒത്തുച്ചേരുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഒരു അധ്യാപികയെ തെരെഞ്ഞെടുത്തിട്ടുണ്ട് ലിറ്റിൽ ലൈബ്രറേനിയനായി ഒരു കുട്ടിയേയും തെരഞ്ഞെടുത്തു. എല്ലാ ആഴ്ചയും (വെള്ളിയാഴ്ച) കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾക്ക് കുറിപ്പെഴുതാൻ ആവശ്യപ്പെടാറുണ്ട്.

## ക്ലബുകൾ

ക്ലബുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

## പരിമിതികൾ

ഭൗതിക സാഹചര്യങ്ങൾ ചിലതെല്ലാം പരിഹരിച്ചുവെങ്കിലും ഏതാനും പോരായ്മകൾ ഇപ്പോഴും സ്കൂളിൽ നിലനിൽക്കുന്നു.

1. കുട്ടികൾക്കുള്ള പാർക്ക്
2. കളിയുപകരണങ്ങൾ (Sports)
3. സ്മാർട്ട് ക്ലാസ് റൂം
4. ലൈബ്രറി
5. ഫർണ്ണീച്ചർ
6. കമ്പ്യൂട്ടർ ലാബ്
7. മെസ്സ് റൂം
8. Class room materials

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

## വിദ്യാലയം മികവിന്റെ കേന്ദ്രം - വിഷൻ -100

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| **ഭാഷ**<br>• അക്ഷരപുലരി<br>• പദനിർമ്മാണം<br>• കൈയെഴുത്ത് മാസിക<br>• അസംബ്ലിയിൽ കഥ വായിക്കൽ<br>• പത്ര വാർത്ത<br><br>**ഇംഗ്ലീഷ്**<br>• ഇംഗ്ലീഷ്<br>• രംഗാവിഷ്കാരം<br>• വിവരണം<br>• ഹലോ ഇംഗ്ലീഷ് പോലുള്ള പരിപാടികൾ<br><br>**ഗണിതം**<br>• ചതുഷ്ക്രിയ ഉറപ്പിക്കൽ<br>• ചതുഷ്ക്രിയകളിലൂടെ നിത്യ ജീവിതത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ | • ചിൽഡ്രൻസ് പാർക്ക്<br>• കളിസ്ഥലം<br>• കമ്പ്യൂട്ടർ റൂം<br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• അടുക്കള<br>• മാലിന്യ സംസ്കാരണം<br>• ടോയിലറ്റ്<br>• ക്ലാസ് റൂം വിഭജൻ മറ<br>• മേശ, കസേര<br>• അലമാര<br>• ക്ലാസ്സ് മുറികൾ | • പി.ടി.എ ശക്തിപെടുത്തൽ<br>• എസ്.എം.സി എസ്.സി.എം.സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന പദ്ധതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എസ്.എസ്.ജി<br>• ക്ലാസ്സ് പി.ടി.എ<br>മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• റിസോഴ്സ് മാപ്പിങ്ങ് |

## പദ്ധതി വിശദാംശങ്ങൾ

## ധനകാര്യം

മേഖല :അക്കാദമികം ഉപമേഘല :ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1.പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ഒക്ടോബർ ആദ്യവാരം | ഇംഗ്ലീഷ് ടീച്ചർ<br>എസ്.ആർ.ജി | |
| | 2.ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ച്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | |
| | 3.ഇംഗ്ലീഷിലുള്ള ഡയറികുറിപ്പ് | 2-ാം ടേം മുതൽ മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| | 4.ഒരുദിവസം ഭാഷാപരമായി (എല്ലാ ക്ലാസിലും) | പ്രതിദിനം | ക്ലാസ് ടീച്ചർ | |
| | 5. ഇംഗ്ലീഷ്-ക്ലാസ്സ് ലൈബ്രറി (വായനാ സാമഗ്രികൾ, ലഘു വായനാപുസ്തകം, പത്രം | | പ്രധാന അധ്യാപകൻ/ ഇംഗ്ലീഷ് അധ്യാപകൻ | 2000/- പി.ടി.എ |
| | 6.പതിപ്പുകൾ മാഗസീനുകൾ | | ഇംഗ്ലീഷ് ടീച്ചർ | 500/- |

## ജൂൺ 3 മുതൽ 13 വരെയുള്ള പൊതുകാര്യങ്ങൾ

- ലഹരിക്കെതിരെയുള്ള പ്രതിരോധം
- ട്രാഫിക് നിയമങ്ങൾ
- ശുചിത്വം മാലിന്യ സംസ്കരണം
- ആരോഗ്യ ശീലങ്ങൾ
- ഡിജിറ്റൽ അച്ചടക്കം
- പൊതുമുതൽ സംരക്ഷണം
- പരിസര സഹകരണം

# ജൂൺ 3 മുതൽ 13 വരെയുള്ള പൊതുകാര്യങ്ങൾ

- ലഹരിക്കെതിരെയുള്ള പ്രതിരോധം
- ട്രാഫിക് നിയമങ്ങൾ
- ശുചിത്വം മാലിന്യ സംസ്കരണം
- ആരോഗ്യ ശീലങ്ങൾ
- ഡിജിറ്റൽ അച്ചടക്കം
- പൊതുമുതൽ സംരക്ഷണം
- പരിസര സഹകരണം

# പരിസര പഠനം

| നമ്പർ | ശേഷികൾ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് |
|---|---|---|---|---|---|
| 1 | നിരീക്ഷണം | പ്രകൃതി നടത്തം നിരീക്ഷണം അറിവ് നിർമ്മാണം ശാസ്ത്രയാത്ര | ഫീൽഡ് ട്രിപ്പ് | ദീർഘകാലം | 1,2,3,4 |
| 2 | ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകൾ തിരിച്ചറിയൽ | ആഹാര ശീലങ്ങളും ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം പതിപ്പ് | ഹൃസ്വകാലം | 1,2,3,4 |
| 3 | ശാസ്ത്ര വിസ്മയ ചുമർ( പ്രോജക്ട്) | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര വാർത്തകൾ ചിത്രങ്ങൾ ചാർട്ടുകൾ പ്രദർശിപ്പിക്കൽ | ദീർഘകാലം | 1,2,3,4 |
| 4 | ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാർട്ട് ആൽബം ലഘു പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | 1,2,3,4 |
| 5 | ശുചിത്വം | ശാസ്ത്ര ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവേ പോസ്റ്റർ അവതരണം | ദീർഘകാലം | 1,2,3,4 |

| നമ്പർ | ശേഷികൾ | ലക്ഷ്യം | കാലയളവ് | ക്ലാസ്സ് |
|---|---|---|---|---|
| 1 | കഥ | ശബ്ദ വ്യതിയാനൊത്തോടെ<br>വായന എഴുതൽ സ്വാഭാവിക<br>ഒഴുക്കോടെ വായന | I,II,III Term | 1,2,3,4 |
| 2 | കവിത | അനുയോജ്യമായ ഈണവും<br>താളവും പാലിച്ച് അവതരണം<br>ആത്മ വിശ്വാസത്തോടെ<br>അവതരിപ്പിക്കുന്നു | I,II,III Term | 1,2,3,4 |
| 3 | സംഭാഷണം | ഗ്രൂപ്പ് പങ്കാളിത്തം ചർച്ച | I,II,III Term | 1,2,3,4 |
| 4 | കുറിപ്പ് | ആശയസമഗ്രത | ആഗസ്റ്റ്<br>മുതൽ തുടർച്ച | 1,2,3,4 |
| 5 | വിവരണം | ആശയപൂർണ്ണതയോടെ<br>എഴുതൽ<br>വസ്തു നിഷ്ഠമായ രചന | ആഗസ്റ്റ്<br>മുതൽ തുടർച്ച | 1,2,3,4 |
| 6 | സന്ദേശവാക്യങ്ങൾ | സന്ദർഭത്തിനു ഗുണമായ<br>ആശയവും ഭാഷയും<br>ആശയവിനിമയ ക്ഷമത | I,II,III Term<br>തുടർച്ച | 1,2,3,4 |
| 7 | കത്ത് | ഉള്ളടക്കത്തിന്റെ പൂർണ്ണത<br>അനുയോജ്യമായ ഭാഷ | നവംബർ<br>ഡിസംബർ | 2,3,4 |
| 8 | ഡയറികുറിപ്പ് | ആശയപരമായ സംക്ഷിപ്ത<br>രചനയിലെ വൈവിധ്യം<br>ആകർഷത്വം | നവംബർ<br>ഡിസംബർ | 2,3,4 |
| 9 | വർണ്ണന | ആലങ്കാരികമായ ഭാഷാ<br>പ്രയോഗം<br>സൂക്ഷ്മ സവിശേഷതകൾ<br>കണ്ടെത്തിയുള്ള രചന | ആഗസ്റ്റ്<br>മുതൽ | 1,2,3,4 |
| 10 | അടിക്കുറിപ്പ്/തലക്കെട്ട്<br>നൽകൽ | അനുയോജ്യത ഭാവനാത്മകത | ആഗസ്റ്റ്<br>മുതൽ | 3,4 |

| നമ്പർ | ശേഷികൾ | കാലയളവ് | ലക്ഷ്യം | ക്ലാസ്സ് |
| --- | --- | --- | --- | --- |
| 1 | സംഖ്യാബോധം | ജൂൺ മാസം | സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള കഴിവ് | 1,2,3,4 |
| 2 | രണ്ടക്ക, മൂന്നക്ക സംഖ്യകളുടെ സങ്കലനം | ജൂൺ മാസം | | 1,2,3,4 |
| 3 | പുന:ക്രമീകരണം ഉള്ളത് -വ്യവകലനം | | | 2,3,4 |
| 4 | ദൂരവും ഭാരവും - നീളവും ഭാരവുംഅളക്കൽ | ഡിസംബർ, ജനുവരി മാസങ്ങൾ | നടന്ന ദൂരം കണ്ടെത്തൽ കുപ്പിയിൽ വെള്ളം നിറക്കൽ അളന്നു കണ്ടെത്തൽ | 1,2,3,4 |
| 5 | രൂപങ്ങൾ തിരിച്ചറിയൽ | | ചതുരം, ത്രികോണം വത്തം ഇവയെ തിരിച്ചറിയലും പാറ്റേൺ നിർമ്മിക്കലും | 2,3,4 |
| 6 | സമയചക്രം സമയം കണ്ടെത്തൽ | സെപ്റ്റംബർ ഒക്ടോബർ മാസങ്ങൾ | സമയം കണ്ടെത്തലും ക്ലോക്ക് നിർമ്മിക്കലും | 3,4 |
| 7 | കുടുതലും കുറവും കണ്ടെത്തൽ | | | 1,4,3 |
| 8 | ഗുണന പ്രക്രിയകൾ- നിത്യജീവിതത്തിലെ പ്രശ്നങ്ങൾ ഗുണനക്രിയകളിലൂടെ ഉത്തരങ്ങൾ കണ്ടെത്തൽ | ഡിസംബർ, ജനുവരി, ഫെബ്രുവരി | ഡൈസുകളിലൂടെ ഗുണനവും ക്രിയകളും പരിഹരിക്കൽ ഇരട്ടി, മടങ്ങ് ഇവ കണ്ടെത്തൽ | 2,3,4 |
| 9 | കലണ്ടർ -പഠനം പാറ്റേൺ കദദ്ധത്ഥദ, കാർഡ് ഗെയിം,സംഖ്യകൾ ഗ്രൂപ്പ് ആക്കൽ | ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ | പിറന്നാൾ ദിനംകണ്ടെത്തി ഇനി എത്ര ദിവസം കൂടി കഴിയണം എന്ന് സ്വയം കണ്ടെത്തൽ | 2,3,4 |
| 10 | സംഖ്യാപ്പടികൾ-വിട്ടുപോയ സംഖ്യകൾ കണ്ടെത്തൽ | ജൂലൈ ആഗസ്റ്റ് | യുക്തി സമർത്ഥിക്കൽ പരസ്പര ബന്ധം കണ്ടെത്തൽ താരതമ്യം ചെയ്യൽ | 1,2,3,4 |
| 11 | വീതിക്കാം തുല്ല്യമാക്കാം (ഹരണം) ലഘു പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | നവംബർ ഡിസംബർ ജനുവരി | ഹരണത്തെ ഗുണന വസ്തുതകളുമായി ബന്ധപ്പെടുത്തുക | 3,4 |

## English

| Sl No | Discourse | Duration | Class | Learning Outcomes |
|---|---|---|---|---|
| 1 | Story | June-July | 1,2,3,4 | *Write Simple stories based on pictures and clues.<br>*Read and comprehend story |
| 2 | Song/Rhyme/ Poems | June-August | 1,2,3,4 | *Comprehend songs and sings rhythmically with actions<br>*Identify the images, thoughts, feeling and message in simple poems/Songs<br>*Write a few lines following a pattern |
| 3 | Dialogues/ Conversation | June-August | Std 1,2 Std3,4 | Understand the idea conveyed through dialogues/conversations by listing to and reading a variety of them<br>*Identify the form and functions of languages used in conversations and interact effectively with others |
| 4 | Description | Oct-Dec | 1,2,3,4 | *Write about things, places and in simple sentences using appropriate language items<br>*Speak about things, places and persons by listening to and reading a variety of short descriptions |
| 5 | Role play | 2nd term | 2,3 | Ensure the participations of all children |
| 6 | Reading Card activities | | Std 2 | *Ensure the ability to read<br>*Predicts and writes thoughts related to the contexts |
| 7 | Making a kite | | 2 | *Following instructions to make a kite using paper and other materials |
| 8 | Announcement | | 2 | *Ability to listening |
| 9 | Project work | | 2,3,4 | *Collect pictures and classify them as per instruction<br>*Undertake simple project work |
| 10 | Poster | | 3,4 | Express children's ideas and feeling in words and drawings. |
| 11 | Drawing/ Colouring pictures | | 1,2 | *Express their ability to drawing and colouring |
| 12 | Notice | 2nd Term | 4 | *Identify the features of notices |
| 13 | Advertisement | 2nd term | 4 | *Make advertisements relevant to the contexts<br>*Identify the features of advertisements |

ഉപമേഘല: മലയാള ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ | 1.പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ആഗസ്റ്റ് ആദ്യവാരം | ക്ലാസ് ടീച്ചർ | 500/ പി.ടി.എ |
| | മലയാളം ഡയറിക്കുറിപ്പ് | ആഴ്ച്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |
| | ഒരു ദിവസം ഒരു ഭാഷ പരിപാടി | പ്രതിദിനം | ക്ലാസ് ടീച്ചർ | |
| | മലയാളം ലൈബ്രറി വായന ബാലസാഹിത്യ രചനകൾ പുസ്തകങ്ങൾ | സെപ് തംബർ മുതൽ | ക്ലാസ് ടീച്ചർ | 2000/ പി.ടി.എ |
| | പതിപ്പുകൾ | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | 500/ പി.ടി.എ |

## പ്രതീക്ഷിത നേട്ടങ്ങൾ

ഉയർന്ന അക്കാദമി നിലവാരമാണ് പ്രതീക്ഷിക്കുന്നത്. ഉയർന്ന നിലവാരത്തിലുള്ള ഇംഗ്ലീഷ് പഠന രീതിയിലൂടെ കുട്ടികളുടെ ആശയ വിനിമയ സാധ്യത വർദ്ധിപ്പിക്കുന്നു. പുരോഗതി നേടുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും കഴിയണം. ഇംഗ്ലീഷ് സിനിമകൾ, കാർട്ടൂണുകൾ, വായനകാർഡുകൾ എന്നിവയിലൂടെ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നു.

ITസാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. നിത്യജീവിതത്തിലെ ഗണിത പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു.

മലയാള ഭാഷ തെറ്റില്ലാതെ എഴുതാനും വായിക്കാനുമുള്ള ശേഷി നേടുന്നു. കഥ, കവിത, വിവരണം എന്നിവ വായിക്കുന്നതിനും ആസ്വദിക്കുന്നതിനും ശേഷി നേടുന്നു. രചനയിലുള്ള കഴിവ് നേടുന്നു.

**മോണിറ്ററിങ് രീതി**

വിവിധ പരിശീലനങ്ങളിലൂടെ മുന്നോട്ട് വച്ച ആശയങ്ങൾ ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് ക്ലാസ് മോണിറ്ററിങ് ഓരോ ആഴ്ച്ചയിലും പരമാവധി സമയം പ്രഥമ അധ്യാപകർ നിർവഹിക്കുന്നുണ്ട് .

ക്ലാസ് നിരീക്ഷണം TM രജിസറ്റർ അധ്യാപകരുടെ ആസൂത്രണ രേഖ എന്നിവ കൃത്യമായി പരിശോധിക്കുന്നുണ്ട്.

**പരിമിതികൾ**

കളിയുപകരണങ്ങൾ(sports)

വിശാലമായ ലൈബ്രറി

ഹൈടെക് ഫർണീച്ചർ

കമ്പ്യൂട്ടർ ലാബ്

മെസ്സ് ഹാൾ

## Classroom materials

അക്കാദമികം--->ഇംഗ്ലീഷ്--->റീഡേഴ്സ് തിയ്യറ്റർ

ഭാഷ ---> കാവ്യാവിഷ്കരണം

കാവ്യോത്സവം

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഭാഗമായി തയ്യാറാക്കിയ ഈ മാസ്റ്റർപ്ലാനിൽ നിഷ്കർഷിച്ചിരുന്ന പദ്ധതികൾ പരിപൂർണ്ണ ഉത്തരവാദിത്വത്തോടും കൃത്യനിഷ്ഠയോടും കൂടി ചെയ്തു തീർക്കുമെന്ന് അധ്യാപകരുടെ കൂട്ടായ തീരുമാനം എടുത്തു.

********